14/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 1887(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 10858/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2023 ഫെബ്രുവരി 9

ശ്രീ. ചന്ദ്രൻ കെ.സി.
പ്രജിതാ നിവാസ്,
കെ.പി.ആർ. റോഡ്,
കണ്ണൂക്കര – 673102.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഹെഡ് ക്ലാർക്ക്,
ഒഞ്ചിയം ഗ്രാമപഞ്ചായത്ത് ഓഫീസ്,
കണ്ണൂക്കര പി.ഒ., കോഴിക്കോട് – 673 102.
2) അപ്പീൽ അധികാരി &
പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ,
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-3,
ചോറോട്, ഓർക്കാട്ടേരി പി.ഒ.,
കോഴിക്കോട് – 673 102.
3) അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്,
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയം,
കോഴിക്കോട്.
} എതിർകക്ഷികൾ

| | | |
|---|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 04/02/2022 | |
| മറുപടി ലഭ്യമാക്കിയ തീയതി | 04/03/2022 | |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 06/04/2022 | |
| മറുപടി ലഭ്യമാക്കിയ തീയതി | 30/04/2022 | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11/07/2022 | |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 13/07/2022 | |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 10/08/2022 | |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 12/09/2022 | |
| ഹിയറിംഗ് നടന്ന തീയതി | 08/02/2023 | ആഡിയോ/വീഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ: | ഹാജരായി | |
| എതിർകക്ഷികൾ | ഹാജരായി | |

## ഉത്തരവ്

ശ്രീ. ചന്ദ്രൻ കെ.സി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് സമയബന്ധിതമായും കൃത്യമായ വിവരവും നൽകാത്തതിനാൽ അപ്പീൽ അധികാരി

മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും ടിയാന്റെ 3, 9, 10, 12, 13 എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ 10 ദിവസത്തിനകം അപ്പീൽ ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് അപ്പീൽ അധികാരി ഉത്തരവായിട്ടും എസ്.പി.ഐ.ഒ. യാതൊരു നടപടിയും സ്വീകരിച്ചില്ല എന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 04.02.2022 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങൾ നൽകണമെന്നാണ്:

i. 2020-2021 സാമ്പത്തിക വർഷത്തിൽ ഒഞ്ചിയം ഗ്രാമപഞ്ചായത്തിൽ ആകാശ ഗംഗ കിണർ റീ ചാർജ്ജ് പദ്ധതി എന്ന പേരിലോ അല്ലെങ്കിൽ മറ്റെന്തെങ്കിലും പേരിലോ കിണർ റീചാർജ്ജ് പദ്ധതിക്കായി ഗ്രാമസഭ വഴിയോ അല്ലാതെയോ അപേക്ഷ ക്ഷണിച്ചിരുന്നോ എന്നും

ii. അപേക്ഷ ക്ഷണിച്ചുവെങ്കിൽ എത്ര അപേക്ഷ പ്രസ്തുത പദ്ധതിക്കായി ലഭിച്ചു എന്നും

iii. അപേക്ഷ സമർപ്പിച്ച മുഴുവൻ ഗുണഭോക്താക്കളേയും വിളിച്ചു ചേർത്തുകൊണ്ട് പഞ്ചായത്തിൽ ഒരു പദ്ധതി വിശദീകരണ യോഗം നടക്കുകയുണ്ടായോ എന്നും ഉണ്ടെങ്കിൽ എന്നാണ് നടന്നതെന്നും

iv. പ്രസ്തുത യോഗത്തിൽ എത്ര ഗുണഭോക്താക്കൾ പങ്കെടുത്തു എന്നും ഗുണഭോക്താക്കളെ കൂടാതെ മറ്റ് എത്ര പേർ പങ്കെടുത്തു എന്നും ഗുണഭോക്താക്കളല്ലാത്തവരുടെ പേരും വിലാസവും പദ്ധതിയുമായി ബന്ധപ്പെട്ട അവരുടെ ഉത്തരവാദിത്വവും വ്യക്തമാക്കണമെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. **മേൽപ്പടി അപേക്ഷയ്ക്ക്** 4.3.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 06.04.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി മറുപടി ലഭിച്ചില്ല എന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീൽ ഹർജിക്കാരനായ ശ്രീ.ചന്ദ്രൻ കെ.സി. 4.2.2022-ന് ഒഞ്ചിയം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ.യ്ക്ക് നൽകിയ വിവരാവകാശ അപേക്ഷയിലെ 13 ചോദ്യങ്ങൾക്കാണ് മറുപടി ആവശ്യപ്പെട്ടിരുന്നത് എന്നും ആയതിന് ഗ്രാമപഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടി തൃപ്തികരമല്ലെന്നും സമയപരിധിക്കുള്ളിൽ മറുപടി ലഭ്യമാക്കിയില്ല എന്നും കാണിച്ചാണ് അപ്പീൽ സമർപ്പിച്ചതെന്നും 4.2.2022 തീയതിയാണ് ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ

അപേക്ഷ സമർപ്പിച്ചതെന്നും ആയതിന് 4.3.2022 തീയതി അതായത് ഒരു മാസത്തിനുശേഷം മാത്രമാണ് എസ്.പി.ഐ.ഒ. മറുപടി തയ്യാറാക്കിയത് എന്ന് വിശദീകരണത്തിൽ വ്യക്തമാവുന്നു എന്നും വീണ്ടും 4 ദിവസങ്ങൾ കഴിഞ്ഞതിനുശേഷം 8.3.2022 തീയതിയാണ് വിവരങ്ങൾ ലഭ്യമാക്കിയതെന്നും ഒരു മാസത്തോളം അപേക്ഷയിൻമേൽ നടപടിയെടുക്കാതെ സാമ്പത്തിക വർഷാവസാനത്തെ തിരക്ക്, നികുതി പിരിവുമായി ബന്ധപ്പെട്ട ജോലിത്തിരക്ക് എന്നീ ബാലിശമായ കാരണങ്ങളാൽ മറുപടി നൽകുന്നതിലെ കാലതാമസം ന്യായീകരിക്കുന്നത് അംഗീകരിക്കാൻ കഴിയുന്നതല്ല എന്നും വിവരാവകാശ നിയമത്തിന്റെ അന്ത:സത്തയെ തകർക്കുന്ന ഇത്തരം ലാഘവത്തോടെയുള്ള സമീപനങ്ങൾ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ അതീവജാഗ്രത പാലിക്കേണ്ടതാണെന്നും ഒഞ്ചിയം ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിയും ഹർജിക്കാരൻ ആവശ്യപ്പെട്ട 13 ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി വിശദമായി പരിശോധിച്ചതിൻ മേൽ വസ്തുതകൾ പരിശോധിച്ചാൽ അപേക്ഷകന്റെ 3, 9, 10, 12, 13 എന്ന ചോദ്യങ്ങൾക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടികൾ വസ്തുതാവിരുദ്ധമാണെന്ന് ബോധ്യപ്പെടുന്നു എന്നും അതേപോലെ നിയമാനുസൃത സമയപരിധിക്കുള്ളിൽ അപേക്ഷകന് മറുപടി നൽകാത്ത നടപടി വിവരാവകാശ നിയമത്തിന്റെ ലംഘനമാണെന്ന് ഓർമ്മിപ്പിച്ചും എസ്.പി.ഐ.ഒ.യ്ക്ക് കർശന നിർദ്ദേശം നൽകിയും മേൽപ്പടി ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ 10 ദിവസത്തിനുള്ളിൽ സൗജന്യമായി നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകി കൊണ്ട് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതാണെന്നുമാണ്.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 02.09.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിലെ മൂന്നാമത്തെ ചോദ്യത്തിന് വിശദമായ മറുപടി നൽകാത്തതിന് കാരണം യോഗം അനൗദ്യോഗികമായിട്ടായിരുന്നു നടന്നതെന്നും മിനിറ്റ്സ് രേഖപ്പെടുത്തിയിരുന്നില്ല എന്നും ആയതിനാൽ കൃത്യമായ തീയതി വ്യക്തമല്ലാത്തതിനാലാണ് അപേക്ഷകന് 3-ാമത്തെ ചോദ്യത്തിന് വിശദമായ മറുപടി നൽകാതിരുന്നതെന്നും മിനിറ്റ്സ് രേഖപ്പെടുത്താത്തതിനാൽ തന്നെ എത്ര ഗുണഭോക്താക്കൾ പങ്കെടുത്തുവെന്ന് തെളിയിക്കുന്നതിനാവശ്യമായ രേഖ ഇല്ലായിരുന്നു എന്നും ഈ വിവരമാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ടി ഓഫീസിൽ നൽകിയിരുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് നാലാമത്തെ ചോദ്യത്തിന് മിനിറ്റ്സ് രേഖപ്പെടുത്തിയിട്ടില്ല എന്ന മറുപടി നൽകാനിടയായതെന്നും ഒൻമ്പതാമത്തെ ചോദ്യത്തിന് ജനകീയാസൂത്രണ

പദ്ധതിയിലും ഉൾപ്പെടുത്തി ചെയ്യാറുണ്ട് എന്ന മറുപടി യഥാസമയം അപേക്ഷകന് നൽകേണ്ടതായിരുന്നു എന്നും എന്നാൽ മന:പൂർവ്വമല്ലാത്ത കാരണത്താൽ നൽകാൻ വിട്ടു പോയതാണെന്നും പത്താമത്തെ ചോദ്യത്തിന് ബാലകൃഷ്ണൻ എന്നവരുടെ പരാതി ലഭിച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരുന്നതെന്നുമാണ്. എന്നാൽ അപ്പീലിന്റെ സമയത്ത് ഹർജിക്കാസ്പദമായ സംഗതികൾ ചേർത്തതിൽ ചന്ദ്രൻ കെ.സി, പ്രജിത നിവാസ് എന്നവർ കൂടി പരാതി നൽകിയതായി കണ്ടെത്തിയിരുന്നു എന്നും എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ മറുപടിയിൽ ടിയാന്റെ പേര് ഉൾപ്പെട്ടിരുന്നില്ല എന്നും ആയതിനാലാണ് പരാതി നൽകിയവരിൽ ബാലകൃഷ്ണൻ കൊയിലോത്ത് മിത്തൽ എന്നവരുടെ പേര് മാത്രം നൽകാൻ ഇടയായതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെയും ഹർജിക്കാരനേയും എതിർകക്ഷികളേയും നേരിൽ കേട്ടതിന്റെയും അടിസ്ഥാനത്തിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ സൂചിപ്പിക്കുന്ന യോഗം നോട്ടീസ് നൽകിയല്ല വിളിച്ചു ചേർത്തതെന്നും, ആയതിനാൽത്തതെന്ന യോഗനടപടിക്കുറിപ്പ് ഇല്ലായിരുന്നുവെന്നും കമ്മീഷനു ബോധ്യപ്പെട്ടിട്ടുണ്ട്. എസ്.പി.ഐ.ഒ.യേയും അപ്പീൽ അധികാരിയേയും നേരിൽ കേട്ട വേളയിൽ നൽകിയ വിശദീകരണത്തിൽ നിന്നും യോഗം വിളിച്ചു ചേർത്തത് പദ്ധതിയുടെ ഗുണഭോക്താക്കളെ പദ്ധതിയെക്കുറിച്ചുള്ള അവബോധം ഉണ്ടാക്കാൻ മാത്രമാണെന്നും യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ രേഖപ്പെടുത്തിയിട്ടില്ലെന്നും കമ്മീഷന് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞതിനാൽ ഹർജിക്കാരൻ ഉന്നയിക്കുന്ന വാദത്തിൽ കഴമ്പില്ലായെന്നും കമ്മീഷന് ബോധ്യമാകുന്നു. എതിർകക്ഷികൾ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ യോഗത്തിന്റെ നടപടിക്കുറിപ്പ് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ലാത്തതിനാൽ ഫയലിലുള്ള വിവരം മാത്രമേ നൽകാൻ കഴിയുകയുള്ളു എന്ന എതിർകക്ഷികളുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2023 ഫെബ്രുവരി മാസം 9-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി